**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത                                                    25.06.2018 ലെ മറുപടിയ്ക്ക്.
ചോദ്യം നം. 3982

## <u>പഠനമുറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

| **<u>ചോദ്യം</u>**<br>**ശ്രീ.കെ. രാജൻ** | | **<u>ഉത്തരം</u>**<br>**ശ്രീ. എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വീടിനോട് ചേർന്ന് 120 sq. ft. വലിപ്പമുള്ള റ്റം നിർമ്മിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവർ പ്ലാസ്റ്റർ ചെയ്യുന്നതിനും വാതിൽ, ജനൽ എന്നിവ സ്ഥാപിക്കുന്നതിനും തറ ടൈൽ പാകുന്നതിനും ഇലക്ട്രിഫിക്കേഷൻ ചെയ്ത് ഫാൻ, ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനും പഠനമുറി പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. ടി തുക 15%, 30%, 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. വരുമാന പരിധി 1,00,000/- രൂപയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും മറ്റ് ഏജൻസികളിൽ നിന്ന് ഇതേ ആവശ്യത്തിന് മുൻപ് ധനസഹായം ലഭിച്ചിട്ടില്ലാത്തതുമായ കുടുംബങ്ങൾക്കാണ് പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നത്. നിലവിലുള്ള വീടിന്റെ വലിപ്പം 800 sq. ft. വരെയുള്ളവർക്കാണ് |

| | | | |
|---|---|---|---|
| | | | ധനസഹായത്തിന് അർഹതയുള്ളത്. പത്താം ക്ലാസ്സിൽ പഠിക്കുന്നവർ ഉള്ള കുടുംബം, ഒരു കിടപ്പുമുറി മാത്രമുള്ള വീട്ടുള്ളവർ, വിധവ/വിഭാര്യർ നയിക്കുന്ന കുടുംബങ്ങൾ, താഴ്ന്ന വരുമാനക്കാർ എന്നിവർക്ക് മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. ദുർബല വിഭാഗത്തിൽപ്പെട്ട പട്ടിക ജാതി വിഭാഗക്കാരായ 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പദ്ധതി വ്യവസ്ഥ ചെയ്യുന്നു. |
| (ബി) | പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന ഒല്ലൂർ നിയോജക മണ്ഡലത്തിൽ പഠനമുറികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ? | (ബി) | വകുപ്പ് നടപ്പിലാക്കി വരുന്ന പഠനമുറി പദ്ധതി പ്രകാരം ഒല്ലൂർ നിയോജക മണ്ഡലത്തിൽ 33 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 6 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മിച്ചമുള്ള 26 പേരിൽ 19 പേർ രണ്ടാം ഗഡുവിലും 7 പേർ മൂന്നാം ഗഡുവിലും ധനസഹായതുക കൈപ്പറ്റി നിർമ്മാണം നടത്തുന്നു. |

സെക്ഷൻ ഓഫീസർ